**ഭരണഭാഷ-മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയംഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം.

**സി.ജി& എ.സി2/5026/2022/DGE** തീയതി : 16/11/2022

## സർക്കുലർ

**വിഷയം:** പൊ.വി.വ-ഹ.സെ.വി-സി.ജി&എ.സി- സൗഹൃദ ദിനാചരണം- സ്കൂൾതല പരിപാടികൾ - സംബന്ധിച്ച്.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന്റെ കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ അന്തർ ദേശീയ ശിശുദിനമായ നവംബർ 20 സൗഹൃദ ദിനമായി ആചരിച്ച് വരുന്നു. 2022 നവംബർ 20 ഞാറാഴ്ച ആയതിനാൽ ഈ വർഷം നവംബർ 21 തിങ്കളാഴ്ച സൗഹൃദോത്സവ ദിനമായി ആഘോഷിക്കുന്നതാണ്.

കൗമാരക്കാരുടെ ജീവിത വിജയത്തിൽ ജീവിത നിപുണതകളുടെ (Life Skills) പ്രാമുഖ്യം തിരിച്ചറിയിക്കുന്നതിനാണ് സൗഹൃദ ദിനം ലക്ഷ്യമിടുന്നത്. ജീവിത നൈപുണ്യങ്ങളുടെ ശാസ്ത്രീയമായ പഠനത്തിലൂടെ കൗമാരക്കാർക്ക് ബാല്യത്തിൽ നിന്നും യൗവ്വനത്തിലേക്കുള്ള വ്യക്തിത്വ വികസന പരിശീലനം ലഭിക്കുന്നു. അതു മുഖാന്തിരം സാമൂഹികവും മാനസികവുമായ വളർച്ച നേടാൻ കൗമാരക്കാർക്ക് കഴിയുന്നു. സൗഹൃദ ദിനാചരണത്തിന്റെ ഭാഗമായി ഓരോ സ്ക്കൂളിലും സൗഹൃദ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലോകാരോഗ്യ സംഘടന (WHO) തെരഞ്ഞെടുത്ത 10 ജീവിത നിപുണതകളുടെ സ്കിറ്റുകൾ/റോൾ പ്ലേകൾ മുൻവർഷങ്ങളിൽ സംഘടിപ്പിക്കാറുണ്ട്.

സൗഹൃദ ദിനാഘോഷത്തിന്റെ ഭാഗമായി സൗഹൃദ കോ-ഓർഡിനേറ്റർ 10 ജീവിത നിപുണതകളെക്കുറിച്ച് സംക്ഷിപ്തമായി അവതരിപ്പിക്കേണ്ടതാണ്. തുടർന്ന് തെരഞ്ഞെടുത്ത കുട്ടികൾ പത്തു ജീവിത നിപുണതകളിൽ ഒരു നിപുണതയെക്കുറിച്ച് സ്കിറ്റ് അവതരിപ്പിക്കേണ്ടതും, ഓരോ സ്കിറ്റ് അവതരണത്തിനു ശേഷവും പ്രസ്തുത ജീവിത നിപുണതയെ കുറിച്ച് സൗഹൃദ കോ-ഓർഡിനേറ്റർ വിശദമാക്കേണ്ടതുമാണ്. പ്രിൻസിപ്പാളിന്റേയും സൗഹൃദ കോ-ഓർഡിനേറ്ററുടെയും നേതൃത്വത്തിൽ അധ്യാപകരുടെ പ്രത്യേക മീറ്റിംഗ് വിളിച്ചുകൂട്ടി സൗഹൃദ ദിനത്തിന്റെ

സംഘാടനത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ഓരോ അധ്യാപകർക്കും സൗഹൃദ ദിനത്തിന്റെ വ്യത്യസ്ഥ ചാർജ്ജുകൾ ഏൽപ്പിക്കേണ്ടതുമാണ്.

സ്കിറ്റുകൾ ജീവിത നിപുണതയുമായി ബന്ധപ്പെട്ടതാണെന്നു സൗഹൃദ കോ-ഓർഡിനേറ്റർ ഉറപ്പു വരുത്തേണ്ടതാണ്. സൗഹൃദ ദിനാഘോഷത്തിന്റെ മൊഡ്യൂൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഒപ്പ്/-
പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ

# <u>സൗഹൃദോത്സവ ദിനാഘോഷം 2022</u>

## <u>ആമുഖം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർസെക്കന്ററി വിഭാഗം കരിയർ ഗൈഡൻസ് അഡോളസെന്റ് കൗൺസിലിംഗ് സെൽ, അന്താരാഷ്ട്ര ശിശുദിനമായ നവംബർ 20 സൗഹൃദ ദിനമായി ആചരിച്ചുവരുന്നു. 2022 നവംബർ 20 ഞാറാഴ്ച ആയതിനാൽ ഈ വർഷം നവംബർ 21 തിങ്കളാഴ്ച സൗഹൃദോത്സവ ദിനമായി ആഘോഷിക്കേണ്ടതാണ്.

## <u>ഉദ്ദേശ്യ ലക്ഷ്യങ്ങൾ</u>

- ഹയർസെക്കന്ററി കുട്ടികളിൽ, harmony of care and concern എന്ന സന്ദേശം ഊട്ടിയുറപ്പിക്കുന്നതിന്
- സൗഹൃദബന്ധങ്ങളുടെ ശക്തി സൗന്ദര്യങ്ങൾ തിരിച്ചറിയുന്നതിന്
- ജീവിത നൈപുണികളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്
- സൗഹൃദ ക്ലബിന്റെ സ്കൂൾതല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്

## <u>പ്രവർത്തനങ്ങൾ</u>

ഉദ്ഘാടനം

സൗഹൃദദിന സന്ദേശം

വ്യക്തി ബന്ധങ്ങൾ, അനുതാപം, ആശയവിനിമയശേഷി തുടങ്ങിയ ജീവിത നൈപുണികൾ വ്യക്തമാക്കുന്ന തരത്തിലുള്ള വിവിധ സർഗ്ഗാത്മ പ്രവർത്തനങ്ങൾ, സ്കിറ്റുകൾ മുതലായവ-വ്യത്യസ്തമായതും പുതുമയുള്ളതും സാഹചര്യങ്ങൾക്കു യോജ്യമായതുമായ പ്രവർത്തനങ്ങൾ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തി ചെയ്യുക. കുട്ടികളുടെ സംഘാടനം, ലീഡർഷിപ്പ് തുടങ്ങിയ മികവുകൾക്ക് അവസരമൊരുക്കാം.

## <u>പ്രവർത്തന നേട്ടങ്ങൾ</u>

- ദൈനംദിന ജീവിതത്തിൽ ജീവിത നൈപുണികൾ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകാനുള്ള ശുഭാപ്തി വിശ്വാസം ഉണ്ടാക്കുന്നു.
- സഹജീവി സ്നേഹം വളർത്താൻ കഴിയുന്നു.
- കൂട്ടായ്മയുടെ പ്രാധാന്യം മനസ്സിലാക്കി പ്രവർത്തിക്കാൻ കഴിയുന്നു.
- നേതൃപാടവം വളർത്താൻ സഹായിക്കുന്നു.
- പ്രശ്നപരിഹാരത്തിനായി വിവിധ മാർഗ്ഗങ്ങൾ പരിചയപ്പെടുന്നു.